## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 626 | 10/06/2014-ൽ മറുപടിക്ക്

### പോഷകാഹാര പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. കെ. അച്ചുതൻ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | പട്ടിക ഗോത്ര വർഗ്ഗങ്ങളിലെ അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരം നൽകുന്നതിനുള്ള പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം പ്രദാനം ചെയ്യുന്നതിനായി 'ജനനി ജന്മരക്ഷ' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | (ബി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികളുടെയും, കുട്ടികളുടേയും ആരോഗ്യ സംരക്ഷണം, പോഷകാഹാരം ലഭ്യമാക്കൽ എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. |
| (സി) | പദ്ധതിയിലൂടെ എന്തെല്ലാം ആനുകൂല്യങ്ങളും സേവനങ്ങളുമാണ് ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) | പോഷകാഹാരമുള്ള ഭക്ഷണം കഴിക്കുന്നതിന് അമ്മയ്ക്കും, കുഞ്ഞിനും പ്രതിമാസം 1000/- രൂപ വീതം ധനസഹായം നൽകിവരുന്നു. ഗർഭാവസ്ഥയുടെ 3 മാസം മുതൽ കുഞ്ഞിന് ഒരു വയസ്സ് ആകുന്നതുവരെ ആകെ 18 മാസക്കാലം ധനസഹായം നൽകി വരുന്നു. |
| (ഡി) | പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ഡി) | 2013-14 വർഷം നടപ്പാക്കിയ ഈ പദ്ധതിയനുസരിച്ച് ഗുണഭോക്താക്കൾക്ക് പ്രതിമാസം 1000/- രൂപ വീതം പോസ്റ്റോഫീസ് മുഖേന മണി ഓർഡർ ആയി വിതരണം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ജനനി ജന്മരക്ഷ

കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികളായ സ്ത്രീകളുടേയും, ശിശുക്കളുടേയും ആരോഗ്യ സംരക്ഷണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്ക്കരിച്ച പദ്ധതിയാണ് ജനനി ജന്മരക്ഷ 11.08.2013-ന് ഔദ്യോഗികമായി അട്ടപ്പാടിയിൽ വച്ച് ഉൽഘാടനം ചെയ്യപ്പെട്ട ഈ പദ്ധതിയിലൂടെ പട്ടികവർഗ്ഗ വിഭാഗത്തിലെ ഗർഭിണികൾക്കും, ശിശുക്കൾക്കും സമീകൃതാഹാരം ഉറപ്പാക്കുകയാണ് ലക്ഷ്യം.

പദ്ധതിയുടെ പ്രത്യേകതകൾ

1. എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാ ഗർഭിണികളും ഈ പദ്ധതിയുടെ പരിധിയിൽ വരുന്നു.
2. ഗർഭാവസ്ഥയുടെ മൂന്നാംമാസം മുതൽ കുട്ടി ജനിച്ച് ഒരു വയസ്സ് തികയുന്നതു വരെയുള്ള 18 മാസക്കാലത്തേയ്ക്ക് പ്രതിമാസം 1000/- രൂപ വീതമാണ് ആനുകൂല്യം നൽകുന്നത്.
3. ജനനി ജന്മരക്ഷ പ്രകാരമുള്ള ആനുകൂല്യങ്ങൾക്കായി ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സ് / ആശ എന്നിവരുടെ പക്കൽ രജിസ്റ്റർ ചെയ്തിരിക്കണം. ആദ്യഗഡു ആനുകൂല്യം ലഭിക്കുന്നതിനായി ഗുണഭോക്താവ് തന്നെ സത്യവാങ്മൂലം നല്കിയാൽ മതിയാകും.
4. രണ്ടാമത്തെ ഗഡു ആനുകൂല്യം ലഭിക്കുന്നതിന് ഒരു ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ് / ഡോക്ടർ ഇവരിൽ ആരെങ്കിലും ഗർഭിണിയെ 'പ്രസവ പൂർവ്വ' പരിശോധന നടത്തിയിരിക്കണം. ഏഴാമത്തെ ഗഡു ലഭിക്കുന്നതിന് രക്തസമ്മർദ്ദ പരിശോധന, യൂറിൻ പരിശോധന, ഹീമോഗ്ലോബിൻ പരിശോധന, ഭാര പരിശോധന എന്നിവ നടത്തിയിരിക്കണം. പതിനൊന്നാം ഗഡു ലഭിക്കുന്നതിന് കുട്ടിക്ക് 'സീറോ ഡോസ് ഒ.പി.വി.' 'ബർത്ത് ഡോസ് എച്ച്.പി.വി.' കൂടാതെ ബി.സി.ജി. എന്നിവയും നൽകിയിരിക്കണം. അവസാന ഗഡു ലഭിക്കുന്നതിന് കുട്ടിക്ക് മൂന്ന് പ്രാഥമിക ഇമ്മ്യൂണൈസേഷൻ നൽകിയിരിക്കണം.
5. ഇത്തരത്തിൽ പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികളുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണം ജെ.പി.എച്ച്.എൻ/ 'ആശ' എന്നിവരുടെ ഉത്തരവാദിത്വത്തിൽപ്പെടുന്നു.
6. കുട്ടിക്ക് 12 മാസം ആകുന്നതോടെ ഗുണഭോക്താവ് ഈ ആനുകൂല്യത്തിന്റെ പരിധിയിൽ നിന്നും ഒഴിവാകുന്നതാണ്.
7. 'ജനനി ജന്മരക്ഷ' പദ്ധതിയിലൂടെ ലഭിക്കുന്ന ആനുകൂല്യം അമ്മക്കും കുഞ്ഞിനും പോഷാകാഹാരം ലഭ്യമാക്കുന്നതിന് മാത്രമേ വിനിയോഗിക്കാൻ പാടുള്ളൂ.
8. ഏതെങ്കിലും കാരണത്താൽ അകാലത്തിൽ ഗർഭം നഷ്ടപ്പെടുകയോ, കുട്ടി മരിച്ചുപോകുകയോ ചെയ്താലും അമ്മക്ക് ഈ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ